പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4781 | **29.06.2012 ൽ മറുപടിയ്ക്കുണ്ടായിരുന്നത്** |
|---|---|

## സംയോജിത ശിശുവികസന സേവനം

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; | (എ) സംസ്ഥാനത്ത് 13565 അംഗൻവാടികൾക്ക് സ്വന്തം കെട്ടിടമില്ല. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി)അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചു വരുന്നത്. കെട്ടിടങ്ങൾ കെട്ടുന്നതിന് ഫണ്ട് ഘട്ടംഘട്ടമായി ലഭ്യമാക്കി വരുന്നു. പ്രീ-സ്കൂൾ, പ്രതിരോധ കുത്തിവയ്പ്പ്, എം.ഐ.എസ് എന്നിവ കാര്യക്ഷമമാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. കൂടാതെ 140 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | സംയോജിത ശിശു വികസന സേവനം എന്ന ഫ്ളാഗ് ഷിപ്പ് പരിപാടി മുഖേന എന്തെല്ലാം സേവനങ്ങൾ/സൗകര്യങ്ങൾ ആണ് അംഗൻവാടി കേന്ദ്രങ്ങൾ മുഖേന കുട്ടികൾക്ക് നൽകി വരുന്നത് ;വിശദാംശം നൽകാമോ ; | (സി) അങ്കണവാടി കേന്ദ്രങ്ങളിലൂടെ സപ്ലിമെന്ററി ന്യൂട്രീഷൻ, ഗ്രോത്ത് മോണിറ്ററിംഗ്, ഹെൽത്ത് ചെക്കപ്പ്, ന്യൂട്രീഷൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ, റഫറൽ സർവ്വീസസ്, ഇമ്മ്യൂണൈസേഷൻ, നോൺ ഫോർമൽ പ്രീ-സ്കൂൾ എഡ്യുക്കേഷൻ എന്നീ സേവനങ്ങൾ നൽകി വരുന്നു. |
| (ഡി) | സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടിയുള്ള സാമുഹ്യ വിഭവ കേന്ദ്രങ്ങളായി അംഗൻവാടികളെ വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (ഡി)സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള 567 അംഗൻവാടികളിൽ കംപ്യൂട്ടറുകൾ സ്ഥാപിക്കുകയും അംഗൻവാടി കേന്ദ്രങ്ങളിലെ വർക്കർമാർക്ക് കെൽട്രോൺ വഴി കംപ്യൂട്ടർ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ കുട്ടികളുടെ മാനസികോല്ലാസത്തിന് വിജ്ഞാനപ്രദമായ സിഡി-കൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 1664 എണ്ണം |
| 2. | കൊല്ലം | - | 1290 എണ്ണം |
| 3. | പത്തനംതിട്ട | - | 743 എണ്ണം |
| 4. | ആലപ്പുഴ | - | 1256 എണ്ണം |
| 5. | കോട്ടയം | - | 987 എണ്ണം |
| 6. | ഇടുക്കി | - | 407 എണ്ണം |
| 7. | എറണാകുളം | - | 1340 എണ്ണം |
| 8. | തൃശൂർ | - | 1022 എണ്ണം |
| 9. | പാലക്കാട് | - | 762 എണ്ണം |
| 10. | മലപ്പുറം | - | 1601 എണ്ണം |
| 11. | കോഴിക്കോട് | - | 1115 എണ്ണം |
| 12. | വയനാട് | - | 126 എണ്ണം |
| 13. | കണ്ണൂർ | - | 903 എണ്ണം |
| 14. | കാസർഗോഡ് | - | 349 എണ്ണം |
| | ആകെ | - | 13565 എണ്ണം |

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ.